MONDAY

29/09/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. KS**

**Editor : Dr. V. Krishnadas**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/09/2025

1. കോഴാ ജില്ലാ കൃഷിത്തോട്ടം, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രം എന്നിവിടങ്ങളിലെ സവിശേഷതകളും, നേട്ടങ്ങളും, സാധ്യതകളും ഏവരും മനസിലാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതാരവം 2025 എന്ന പേരിൽ കോഴാ ഫാംഫെസ്റ്റ് സെപ്റ്റംബർ 27 മുതൽ 30 വരെ നടന്നു വരുന്നു. കാർഷികാനുബന്ധ പ്രദർശന വിപണന സ്റ്റാളുകൾ, സാംസ്കാരിക ഘോഷയാത്ര, സമ്മേളനം, സൗഹൃദ സംഗമങ്ങൾ, ഭക്ഷ്യമേള, കലാസന്ധ്യ, നെൽകൃഷിയിലെ അനുഭവപരിചയം, പെറ്റ് ഷോ, അക്വേറിയം, ഫൺ ഗയിംസ്, ലക്കി ഡ്രോ, സെൽഫി പോയിൻ്റുകൾ തുടങ്ങിയവ സന്ദർശകർക്കായി ഫെസ്റ്റിൽ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്കും, വിദ്യാർത്ഥികൾക്കും ഉള്ള ക്വിസ്, നാടൻപാട്ട്, ഉപന്യാസരചന, പെൻസിൽ ഡ്രോയിംഗ്, MUD GAMES, Mud Football, Mud Race തുടങ്ങിയ മത്സരങ്ങളും, നെൽകൃഷി, തെങ്ങ് കൃഷി, ശാസ്ത്രീയ പച്ചക്കറി കൃഷി എന്നീ വിഷയങ്ങളിലുള്ള സെമിനാറുകൾ, കുട്ടി കർഷകരുടെ സംഗമം, രുചിക്കൂട്ട് സംഗമം, ഫാം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൊഴിലാളി – ജീവനക്കാരുടെ സംഗമം, കലാവിരുന്നുകൾ മുതലായ വൈവിധ്യമാർന്ന പരിപാടികളും ഇതോടനുബന്ധിച്ച് നടത്തപ്പെടുന്നു. കാർഷികവികസന കർഷകക്ഷേമ വകുപ്പും – കോട്ടയം ജില്ലാ പഞ്ചായത്തും സംയുക്തമായി നടത്തുന്ന ഈ പരിപാടിയുടെ സമാപന സമ്മേളനം സെപ്റ്റംബർ 30 ന് കാർഷികവികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു .

2. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യ കൃഷി പദ്ധതിയുടെ ഘടകപദ്ധതിയായ അര സെന്റ് വിസ്തൃതിയുള്ള പടുതകുളങ്ങളിലേക്ക് മത്സ്യകുഞ്ഞുങ്ങളെ നൽകുന്ന മുറ്റത്തൊരു മീൻതോട്ടം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. നിശ്ചിത മാതൃകയിലേക്കുള്ള അപേക്ഷകൾ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, കാസർകോട്, കുമ്പള, കൊല്ലം മത്സ്യഭവൻ ഓഫീസുകളിൽ ലഭിക്കും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 6 ആണ്. ഫോൺ– 0467 2202537 , 0474 2795870.

3. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓൺലൈനായി അപേക്ഷിക്കാം. 2025–26 അധ്യയന വർഷത്തിൽ എട്ട്, ഒൻപത്, പത്ത് (ഹൈസ്‌കൂൾ ഗ്രാന്റ്), എസ് എസ് എൽ സി ക്യാഷ് അവാർഡ്, പ്ലസ് വൺ, ബി.എ, ബി.കോം, ബി.എസ് സി, എം.എ, എം.കോം (പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല ), എം.എസ്.ഡബ്ല്യൂ, എം.എസ് സി, ബി.എഡ്, പ്രൊഫഷണൽ കോഴ്സുകളായ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്, ബി.ഡി.എസ്, ഡി ഫാം, ബി .എസ് സി നഴ്സിംഗ്, പ്രൊഫഷണൽ പി.ജി കോഴ്സുകൾ, പോളിടെക്‌നിക് ഡിപ്ലോമ, ടി.ടി.സി, ബി.ബി.എ, ഡിപ്ലോമ ഇൻ നഴ്സിംഗ്, പാരാ മെഡിക്കൽ കോഴ്സ്, എം സി എ., എം ബി എ, പി ജി ഡി സി എ, എഞ്ചിനീയറിംഗ് (ലാറ്ററൽ എൻട്രി ), അഗ്രിക്കൾച്ചർ, വെറ്ററിനറി, ഹോമിയോ, ബി.ഫാം, ആയുർവേദം, എൽ എൽ ബി (മൂന്ന് വർഷം, അഞ്ച് വർഷം), ബി ബി എം, ഫിഷറീസ്, ബി സി എ, ബി.എൽ.ഐ.എസ് .സി, എച്ച് .ഡി.സി ആൻഡ് ബി എം, ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ്, സി.എ.ഇന്റർമീഡിയറ്റ്, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിങ്, സിവിൽ സർവീസ് കോച്ചിങ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ഓൺലൈനായി അപേക്ഷിക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡിസംബർ 31 നകം www.labourwelfarefund.in വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷകൾ ലഭിക്കണം. ഫോൺ: 0497 2709096.

## പരിശീലന പരിപാടി

4. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒക്ടോബർ മാസം 9 മുതൽ 30 വരെ വിവിധ പരിശീലന പരിപാടികൾ നടത്തുന്നു. രാവിലെ 10 മുതല് വൈകിട്ട് 5 മണി വരെയാണ് പരിശീലനം. ഒക്ടോബർ 9 ന് താറാവ് വളർത്തൽ, 15, 16 ന് വളർത്തുനായകളുടെ പരിപാലനം, 22, 23 തീയതികളിൽ ആട് വളർത്തൽ, 29, 30 തീയതികളിൽ പന്നി വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0469 2965535.

5. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യ കൃഷി പദ്ധതിയുടെ ഘടകപദ്ധതിയായ **"ഞണ്ട് കൃഷി"** പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പിന്നാമ്പുറ കുളങ്ങളിലോ ഓരു ജലാശയങ്ങളിലോ ഞണ്ട് കൃഷി ചെയ്യാം. പദ്ധതി ചെലവിന്റെ 40 ശതമാനം തുക സബ്സിഡി അനുവദിക്കും. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ അനുബന്ധ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

രേഖകൾ സഹിതം ഒക്ടോബർ ആറ് വരെ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, കാസർകോട്, കുമ്പള, മത്സ്യഭവൻ ഓഫീസുകളില് സ്വീകരിക്കും. ഫോൺ– 0467 2202537.

6. കശുമാവ് തോട്ടങ്ങളിൽ തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവ് കർഷകർക്ക് 40 ശതമാനം സബ്സിഡിയോടെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി തേനീച്ച കോളനികളും ഉപകരണങ്ങളും ഹോർട്ടികോർപ്പിന്റെ സഹകരണത്തോടെ നൽകുന്നു. 60 ശതമാനം തുക കർഷകർ വഹിക്കണം. അപേക്ഷാ ഫോം www.ksacc.kerala.gov.in ലും ജില്ല ഫീൽഡ് ഓഫീസിലും ലഭിക്കും. ചെയർമാൻ, കെ.എസ്.എ.സി.സി, അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം– 691001 വിലാസത്തിൽ ഒക്ടോബർ 20 നകം ലഭിക്കണം. ഫോൺ: 0474–2760456, 9496046000, 9496047000.

**കാർഷിക നിർദേശം**

1. പച്ചക്കറിവിളകളിൽ കാണുന്ന ഇലച്ചുരുളൽ, മൊസേക്ക് എന്നീരോഗങ്ങളെ നിയന്ത്രിക്കുന്നതിനായി ഇവ പരത്തുന്ന ചെറുകീടങ്ങളെ നിയന്ത്രിക്കുന്നതോടൊപ്പം രോഗം ബാധിച്ച ചെടികൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നീക്കം ചെയ്യുകയും വേണം. ജൈവകീടനാശിനികളായ വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം, വേപ്പധിഷ്ഠിതകീടനാശിനികൾ എന്നിവ ഇത്തരം ചെറുകീടങ്ങൾക്കെതിരെ തുടക്കത്തിൽതന്നെ പ്രയോഗിക്കാൻ ശ്രദ്ധിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം